# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 1, Issue: 15

ഒക്ടോബർ 12 ചൊവ്വ 2021

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


പാറയ്ക്കാമല പാലം

## പുത്തൻ പ്രതീക്ഷകളുമായി



പാറയ്ക്കാമലയിലെ താൽക്കാലിക നടപ്പാലം

**നീതു തങ്കച്ചൻ**

ഏറെനാളത്തെ പ്രക്ഷോഭങ്ങൾക്കും കാത്തിരിപ്പിനും വിരാമമിട്ടുകൊണ്ട് പാറയ്ക്കാമല പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി. നേരത്തെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിരുന്നുവെങ്കിലും തുക കുറവാണെന്ന കാരണത്താൽ കരാറുകാരൻ പദ്ധതി ഉപേക്ഷിക്കുകയായിരുന്നു. പിന്നീട് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസിനെ കാണുകയും വാർഡ് മെമ്പർ ബിജോയ് പ്ലാത്തോട്ടത്തിന്റെ നേതൃത്വത്തിലുള്ള സംഘം നിവേദനം സമർപ്പിക്കുകയും ചെയ്തതോടെ റീ-ടെൻഡർ നടപടികൾ ആരംഭിച്ചു.

'സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെട്ടതാണ് പാറയ്ക്കാമല പാലം നിർമ്മാണം. പദ്ധതി പൂർത്തിയാകുന്നതോടെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അറുതി വരും'. വാർഡ് മെമ്പർ ബിജോയ് പ്ലാത്തോട്ടം പറഞ്ഞു. 'പിഡബ്ല്യുഡി യുടെ ഭാഗമായ നിർമ്മാണം രണ്ടാഴ്ചയ്ക്കുള്ളിൽ ആരംഭിക്കും. പദ്ധതിക്കായി ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂത്തുപറമ്പ് സ്വദേശി അജിത് കുമാറാണ് ടെൻഡർ എടുത്തിരിക്കുന്ന പുതിയ കരാറുകാരൻ. ആറു മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കുകയാണ് ലക്ഷ്യം'. പിഡബ്ല്യുഡി എൻജിനീയർ പ്രദീപ് കുമാർ പറഞ്ഞു.

60 കുടുംബങ്ങൾ അധിവസിക്കുന്ന പാറയ്ക്കാമല -പുല്ലൻപാറ തട്ടിൽ 2018 ഓഗസ്റ്റ് എട്ടിനുണ്ടായ ഉരുൾ പൊട്ടലിലാണ് പാലം തകർന്നത്. പ്രദേശം ഒറ്റപ്പെട്ടതോടെ ദുരന്തനിവാരണ സേന വൈദ്യുതി തൂണുകൾ ഉപയോഗിച്ച് താൽക്കാലിക പാലം നിർമ്മിച്ച് കാൽനടയാത്ര പുനസ്ഥാപിച്ചിരുന്നു. ഇതിനിടയിൽ പാലത്തിൽ നിന്ന് കരിക്കോട്ടക്കരി സ്വദേശി ബേബി എന്ന വയോധികൻ വീണുമരിച്ചത് പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടി.

'വള്ളിത്തോട് സെന്റ് ജൂഡ് നഗറിൽ തുടങ്ങി ചരൾ-വാണിയപ്പാറ - പുല്ലൻപാറ തട്ട് പാറയ്ക്കമല - മുടിക്കയം വരെയുള്ള 12.5 കിലോമീറ്റർ റോഡിനെ ആശ്രയിക്കുന്നവർ ഏറെയാണ്. പാലം തകർന്ന ഭാഗം ഉൾപ്പെടെ 11 കിലോമീറ്റർ മരാമത്ത് റോഡാണ്, ബാക്കി 1.5 കിലോമീറ്റർ പഞ്ചായത്ത് റോഡും. 700 മീറ്റർ ദൂരം വഴിയാത്ര ദുർഘടമായ രീതിയിൽ റോഡ് തകർച്ചയിലാണ്. പാലം നിർമ്മാണത്തിലൂടെ ഈ ക്ലേശങ്ങൾക്കും പരിഹാരം ഉണ്ടാകും.

നാടിന്റെ മൂന്നു വർഷമായിട്ടുള്ള സ്വപ്നമായിരുന്നു പുതിയൊരുപാലം. വർഷങ്ങളായി ഞങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതം പറഞ്ഞറിയിക്കാനാവില്ലായിരുന്നു. മഴ കനക്കുമ്പോൾ പ്രദേശം ഒറ്റപ്പെടുന്ന അവസ്ഥയിലായിരുന്നു. ഈ ദുരിതങ്ങൾക്ക് പാലത്തിന്റെ പുനർനിർമാണത്തോടെ പരിഹരിക്കപ്പെടും'. പ്രദേശവാസിയായ ജോമേഷ് എ വി പറഞ്ഞു. കഴിഞ്ഞ മൂന്നുവർഷമായി അനുഭവിക്കുന്ന യാത്രാക്ലേശത്തിന് ഇതോട് കൂടി അറുതി വരുമെന്ന പ്രതീക്ഷയിലാണ് നാട്ടുകാർ. പാലത്തിന്റെ ടെൻഡർ നടപടി പൂർത്തിയായതോടെ നാട്ടുകാരുടെ സ്വപ്ന സാക്ഷാത്കാരത്തിന് പുത്തൻ പ്രതീക്ഷയാണ് നൽകുന്നത്.

## 99% വാക്സിനേഷൻ പൂർത്തിയായി



അങ്ങാടിക്കടവ് പി എച്ച് സി

**അദാസിയോ ജോവാക്കിം**

അങ്ങാടിക്കടവ് പിഎച്ച്സിയിൽ 2020 മാർച്ച് 12 ന് ആരംഭിച്ച കോവിഡ് വാക്സിനേഷൻ 99% പൂർത്തിയായി. സെപ്റ്റംബർ 25 വരെയുള്ള പി എച്ച് സി യുടെ ഡാറ്റ പ്രകാരം ആകെ 8523 പേർക്ക് പ്രതിരോധ കുത്തിവയ്പ്പ് ലഭിച്ചു. 5280 പേർക്ക് ആദ്യ ഡോസും 3243 പേർക്ക് രണ്ടാമത്തെ ഡോസും ലഭിച്ചുവെന്ന് റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

ലക്ഷ്യമിട്ട ജനസംഖ്യയുടെ 99% പേർക്കും ആദ്യ ഡോസ് നൽകി. ആദ്യത്തെ ഡോസ് ലഭിക്കാത്ത മറ്റ് 1% ആളുകളും ഒന്നുകിൽ കോവിഡ് ബാധിച്ചവരോ അല്ലെങ്കിൽ അലർജിയുടെയും മറ്റ് ആരോഗ്യപ്രശ്നങ്ങളുടെയും കാരണങ്ങളാൽ വാക്സിൻ ഒഴിവാക്കുന്നവരുമാണ്.

ആരോഗ്യ കേന്ദ്രത്തിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം, രണ്ടാമത്തെ ഡോസിനാണ് ആളുകൾ ഭൂരിഭാഗവും എത്തുന്നത്. കൂടുതലും 45 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ് വാക്സിനേഷനായി എത്തുന്നവരിൽ അധികവും.

ഒരു സെറ്റ് പ്രതിരോധമരുന്ന് പത്തു പേർക്കുള്ളതാണ് അതുകൊണ്ട് പത്ത് സ്ലോട്ടുകളുടെ രജിസ്ട്രേഷൻ പൂർത്തിയാകുമ്പോഴാണ് വാക്സിനേഷൻ ലഭിക്കുക. പലപ്പോഴും 10 പേർ വാക്സിനേഷനായി എത്താതതിനാൽ വാക്സിൻ നൽകാൻ തടസം നേരിടാറുണ്ടെന്നു ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞു.

കുത്തിവയ്പ്പിനായി കോവാക്സിൻ, കോവിഷീൽഡ് എന്നീ വാക്സിനുകൾ ലഭ്യമാണ് . പത്ത് സ്ലോട്ട് രജിസ്ട്രേഷൻ പൂർത്തിയായ ഏത് ദിവസത്തിലും വാക്സിനേഷൻ ലഭിക്കും. ആരോഗ്യ കേന്ദ്രത്തിൽ നിന്നുള്ള വാക്സിനേഷനുശേഷം കോവിഡ് വീണ്ടും ബാധിച്ച കേസുകൾ വളരെ കുറവായി മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്, ആരോഗ്യപ്രവർത്തകർ കൂട്ടിച്ചേർത്തു.

### സെപ്റ്റംബർ 25 വരെയുള്ള കണക്കുകൾ

| പ്രായപരിധി | ആദ്യഡോസ് സ്വീകരിച്ചവർ | രണ്ടാംഡോസ് സ്വീകരിച്ചവർ |
|---|---|---|
| 18- 44 | 2663 | 750 |
| 45 - 59 | 1720 | 1186 |
| 60 വയസ്സിനു മുകളിലുള്ളവർ | 897 | 1307 |

## 15 ന്റെ നിറവിൽഅങ്ങാടിപത്രം

**ഡെൽന ഡേവിസ്**

ചുരുങ്ങിയ കാലയളവിൽ നാടിനൊപ്പമുള്ള പ്രവർത്തനം. ജനങ്ങളെ നേരിൽ കണ്ട് അവരുടെ അഭിപ്രായം ആരായുന്ന വാർത്താ ജാലകം. പതിനാല് ലക്കങ്ങൾ പൂർത്തിയാക്കി പതിനഞ്ചാം ലക്കത്തിലേക്ക് ചുവടു വെക്കുമ്പോൾ നമ്മുടെ നാട്ടിൽ മാറ്റത്തിന്റെ ചലനങ്ങൾ സൃഷ്ടിച്ച അങ്ങാടിപത്രത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വായനക്കാർ പങ്കുവെച്ച അഭിപ്രായങ്ങളിലൂടെ...

'അങ്ങാടിപത്രം അങ്ങാടിക്കടവ് പ്രദേശത്തെ എല്ലാ വിഭാഗങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്. ഇതിന്റെ പ്രധാന കാരണം എല്ലാ വിവരങ്ങളും പൊതു ജനങ്ങളിലേക്കെത്തിക്കാൻ പത്രത്തിന് കഴിയുന്നു എന്നതാണ്. അത്യാവശ്യയിടങ്ങളിലുള്ള പത്രത്തിന്റെ ചില ഇടപെടലുകൾ എടുത്തുപറയേണ്ടതാണ്. മാധ്യമ മേഖലയിൽ ഒരുപാടുപേരെ വാർത്തെടുക്കാൻ ഈ സംരംഭത്തിന് കഴിയും'. **കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ പഞ്ചായത്ത് പ്രസിഡന്റ്.**



ആദ്യത്തെ അങ്ങാടിപത്രത്തിന്റെ പ്രകാശനം ( ഫയൽ ചിത്രം)

'പ്രാദേശികമായ ഒരുപാട് നല്ല വാർത്തകൾ ഉൾക്കൊള്ളുന്ന പത്രമാണ് അങ്ങാടിപത്രം. ജനം അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉയർത്തി കാട്ടുവാനും, എല്ലാവരും അറിയാനും ഇടയായിട്ടുണ്ട്. അങ്ങാടിക്കടവിന്റെ വളർച്ചയിൽ വലിയൊരു പങ്കു വഹിക്കാൻ അങ്ങാടിപത്രത്തിനു സാധിക്കും'. **ഫാ. തോമസ് ആമക്കാട്ട്, അങ്ങാടിക്കടവ് ഇടവക വികാരി.**

'നല്ലൊരു സംരംഭമാണ്. കൃഷിഭവന്റെ വാർത്തകളും മറ്റ് വാർത്തകളും ആളുകളിലേക്ക് എത്തിക്കുന്ന നല്ലൊരു മാധ്യമമാണ്. മറ്റു പത്രങ്ങളെക്കാൾ വാർത്തകൾ ആളുകൾ കൂടുതൽ ശ്രദ്ധിക്കുന്നുണ്ട്. ഇങ്ങനെയൊരു സംരംഭത്തിൽ ഏറെ സന്തോഷമുണ്ട്'. **ജിംസി മരിയ, കൃഷി ഓഫീസർ.**

'അങ്ങാടിപത്രം ആരംഭിച്ചിട്ട് ഏകദേശം ആറു മാസം പിന്നിട്ടു. ഈ കാലയളവിൽ നാടിന്റെ പ്രശ്നങ്ങളിൽ അധികാരികളുടെ ശ്രദ്ധ കൊണ്ടുവരുവാനും പൊതുജനങ്ങളെ കാര്യങ്ങൾ അറിയിക്കുവാനും അങ്ങാടിപത്രത്തിന് സാധിച്ചിട്ടുണ്ട്. ഇനിയും നാടിന്റെ വികസനത്തിന് നാടിനൊപ്പം ചേർന്ന് പ്രവർത്തിക്കാൻ അങ്ങാടിപത്രത്തിനു സാധിക്കട്ടെ'. **ജോർജ് ഒറ്റപ്ലാക്കൽ, ട്രേഡ് യൂണിയൻ പ്രസിഡന്റ്.**

'നമ്മുടെ നാടിന്റെ വാർത്തകളറിയാൻ മറ്റു പത്രങ്ങളെക്കാൾ ഉപരി ഒരു പ്രാദേശിക പത്രം എന്ന രീതിയിൽ ആശ്രയിക്കാവുന്ന ഒരു പത്രമാണ് അങ്ങാടിപത്രം. നമ്മുടെ നാടിന്റെ പ്രവർത്തനങ്ങളിൽ, വികസനകാര്യത്തിൽ ഇനിയുമൊട്ടേറെ ചെയ്യുവാൻ അങ്ങാടിപത്രത്തിനു സാധിക്കും'. **ശീതൾ വർഗീസ്, സോഷ്യൽ വർക്കർ.**

'വളരെ നല്ല ഇടപെടലുകളാണ് അങ്ങാടിപത്രത്തിന്റേത്. നാടിന്റെ വാർത്തകൾ മികച്ചരീതിയിൽ തടസ്സമില്ലാതെ എത്തിക്കുന്നു എന്നത് അഭിനന്ദനമർഹിക്കുന്നു'. **ഷിജു മാത്യു, ഓട്ടോ ഡ്രൈവർ.**

'നാടിന്റെ ദൈനംദിന പ്രവൃത്തികൾ ഏകോപിപ്പിക്കാനും, നിയന്ത്രിക്കാനും, കാര്യങ്ങൾ നടപ്പിലാക്കാനുമൊക്കെ പത്രം മുൻകൈ എടുക്കുന്നുണ്ട്. അതിന്റെ മികച്ച ഉദാഹരണമാണ് എടൂർ - പാലത്തുംകടവ് റോഡ് നിർമ്മാണം. നാടിന്റെ സ്പന്ദനം അറിഞ്ഞു പ്രവർത്തിക്കുന്നതാണ് അങ്ങാടിപത്രം. അതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അഭിനന്ദനങ്ങൾ'. **മാത്യു കെ., വ്യാപാരി.**

'അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിന്റെ ജേണലിസം വിഭാഗത്തിന്റെ മികച്ചൊരു സംരംഭമാണ് അങ്ങാടിപത്രം. നമ്മുടെ നാടിന്റെ ചെറിയ പ്രശ്നങ്ങളിൽപ്പോലും ഇടപെടുവാൻ അങ്ങാടിപത്രത്തിന് സാധിച്ചിട്ടുണ്ട്'. **ബാബു എസ് എ, അദ്ധ്യാപകൻ.**

ഒരു മാസം അങ്ങാടിപത്രം ഇല്ലാതിരുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നു. നാട്ടിൽ നടക്കുന്ന കാര്യങ്ങൾ അറിയാനുള്ള ഏറ്റവും നല്ല ഉറവിടം അങ്ങാടിപത്രമാണ്'. **ടോം ജോയ്, വ്യാപാരി.**

'അങ്ങാടിപത്രം നല്ല നിലവാരത്തിലേക്ക് വരുന്നുണ്ട്, നല്ല വാർത്തകൾ ഉൾകൊള്ളുന്നു എന്നതിൽ സന്തോഷമുണ്ട്. ഇടവേളകളില്ലാതെപത്രം എത്തുന്നതാണ് നല്ലത്'. **അനിൽ തോമസ്,വ്യാപാരി.**


വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ...9496698531

## എഡിറ്റോറിയൽ

### മനസ്സിന് സുഖമുണ്ടാവട്ടെ...

ഓരോ വർഷവും ഒക്ടോബർ 10 ലോകാരോഗ്യ സംഘടനയും വേൾഡ് മെന്റൽ ഹെൽത്ത് ഫെഡറേഷനും സംയുക്തമായാണ് ലോക മാനസികാരോഗ്യ ദിനമായി ആചരിക്കുന്നത്. സമൂഹത്തിന്റെ ആരോഗ്യപരമായ നിലനിൽപ്പിന് മാനസികാരോഗ്യം നിലനിർത്തേണ്ടതും ഉയർത്തിപ്പിടിക്കേണ്ടതുമാണ്. കണ്ണൂർ ജില്ലയിൽ ഡി എം എച്ച് പി യുടെ നേതൃത്വത്തിലുള്ള ഇരുപത്തിയൊന്ന് സൈക്കോളജിക്കൽ ക്ലിനിക്കുകളിലായി പ്രതിവർഷം അയ്യായിരത്തോളം വ്യക്തികളാണ് മാനസിക ആരോഗ്യത്തിന് ചികിത്സ തേടുന്നത്. കോവിഡിന്റെ വരവോടെ ഇതിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായി സിഎംഎച്ച്പി യുടെ പ്രൊജക്ട് ഓഫീസർ സന്തോഷ് ചാക്കോ സൂചിപ്പിക്കുന്നു. കോവിഡാനന്തര കാലഘട്ടത്തിൽ വ്യക്തികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുവാൻ കണ്ണൂർ ജില്ലയിൽ ആരംഭിച്ച 'ഒപ്പമുണ്ട് കണ്ണൂർ' പദ്ധതിയുമായി സഹകരിച്ച് അങ്ങാടിക്കടവ് ഡോൺബോസ്കോ കോളേജിലെ എംഎസ്ഡബ്ല്യു, എംഎസ്‌സി സൈക്കോളജി വിഭാഗങ്ങളിലെ അൻപത് വിദ്യാർത്ഥികൾ, നാല്പത്തിയെട്ട് ദിവസങ്ങൾകൊണ്ട് ടെലി കൗൺസിലിങ്ങിനായി ബന്ധപ്പെട്ടത് മുപ്പതിനായിരം പേരെയാണ് എന്നതും മാനസിക ആരോഗ്യം എന്ന വിഷയത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു.നാലു പേരിൽ ഒരാൾ ജീവിതത്തിൽ പല അവസരങ്ങളിലും മാനസിക അസ്വസ്ഥത അനുഭവിക്കുന്നു. അവരെ മനസ്സിലാക്കി സഹഗമിക്കുക എന്നത് ചികിത്സക്കും, സുഖപ്രാപ്തിക്കും, പുനരധിവാസത്തിനും പ്രധാനമാണ്. കുട്ടികളുടെ മാനസികാരോഗ്യത്തെ സ്വാധീനിക്കുന്ന പ്രധാന പ്രശ്നം ദൃശ്യമാധ്യമങ്ങളുടെ അവിവേകമായ ഉപയോഗമാണ്. നമ്മുടെ കുട്ടികളുടെ സുന്ദരമായ ബാല്യവും കൗമാരവും ആരോഗ്യകരമായ അന്തരീക്ഷത്തിലൂടെ വളർത്തികൊണ്ട് വരേണ്ടതാണ്. ഈ ദിനം ചർച്ചക്ക് വെക്കുമ്പോൾ വീടും സ്കൂളും, സമൂഹവും എന്നു വേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളും ആരോഗ്യപരമായെങ്കിൽ മാത്രമാണ് നമ്മുടെ വരും തലമുറയെ ശരിയായ മാർഗ്ഗത്തിലൂടെ വാർത്തെടുക്കുവാൻ സാധിക്കൂ.

- എഡിറ്റർ

## പ്രകൃതി സൗഹൃദ ഗ്യാസ് ശ്മശാനം



എസ്എൻഡിപി ആനപ്പന്തി ഗ്യാസ് ശ്മശാനം

**ക്രിസ്റ്റീൻ ലൂയീസ്**

പ്രകൃതി മലിനീകരണം ശക്തമായ ഈ കാലഘട്ടത്തിൽ ആനപ്പന്തി എസ്എൻഡിപി ശാഖ ആധുനിക ഗ്യാസ് ശ്മശാനം നാടിനു സമ്മാനിച്ചിട്ട് രണ്ട് വർഷം തികയുന്നു. സാധാരണ ശ്മശാനങ്ങളിൽ മൃതദേഹം ദഹിപ്പിക്കുമ്പോൾ ഉണ്ടാകുന്ന കടുത്ത പുകയും, രൂക്ഷ ഗന്ധവും ഇല്ല എന്നതാണ് ശ്മശാനത്തിന്റെ പ്രത്യേകത. അങ്ങാടിക്കടവിൽ നിന്നും ഏകദേശം മൂന്നു കിലോമീറ്റർ മാറി മുണ്ടയാംപറമ്പ് എന്ന സ്ഥലത്താണ് പരിസ്ഥിതി സൗഹൃദ ശ്മശാനം സ്ഥിതി ചെയ്യുന്നത്. നിലവിൽ രണ്ട് തൊഴിലാളികളാണ് ഇവിടെയുള്ളത്.

കോവിഡ് മൂലം മരണമടഞ്ഞ വ്യത്യസ്ത മതവിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികളുടെ മൃതദേഹം ദഹിപ്പിക്കുന്നതിന് ശ്മശാനം സഹായകരമായി. ഇതുവരെ 9 കോവിഡ് മൃതദേഹങ്ങളാണ് ഇവിടെ ദഹിപ്പിച്ചത്.

'പൊതുവിൽ ഈ പ്രദേശങ്ങളിൽ വീടുകൾ അടുത്തടുത്തും, സ്വന്തമായി വളരെ കുറച്ച് ഭൂമിയും ഉള്ളവരാണ്. വീടുകളിൽ മരണം സംഭവിച്ചാൽ മൃതദേഹ ദഹിപ്പിക്കലുമായി ബന്ധപ്പെട്ട് പല ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. അതിന് പരിഹാരം കാണാൻ ഈ ശ്മശാനം കൊണ്ടായി 'ശ്മശാനത്തിന്റെ ഓഫീസ് ചുമതലകൾ നിർവഹിക്കുന്ന വിജയപ്പൻ ആചാര്യ പറഞ്ഞു.

പത്തു വർഷങ്ങൾക്കു മുൻപ് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയത്തിന് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തിലാണ് അനുവാദം ലഭിച്ചത്. ബാങ്കിൽനിന്ന് ലോൺ എടുത്തും, 5000 രൂപയുടെ ഓഹരികൾ സാധാരണക്കാർക്ക് നൽകിയുമാണ് ശ്മശാനം പൂർത്തിയാക്കാൻ ആവശ്യമായ തുക കണ്ടെത്തിയത്.

ഒന്നര മണിക്കൂർ സമയമാണ് ഒരു മൃതദേഹം ദഹിപ്പിക്കാൻ ആവശ്യമായ സമയം. ആദ്യം റെയിൽ ഘടിപ്പിച്ച ഒരു പ്ലാറ്റ്ഫോമിൽ മൃതദേഹം വച്ച് തള്ളി ചേമ്പറിനകത്ത് നിക്ഷേപിക്കുന്നു. കർമ്മങ്ങൾ അനുസരിച്ച് ചിതയ്ക്ക് തീ കൊളുത്തുന്നതിന്റെ പ്രതീകമായി കർപ്പൂരം കത്തിക്കുകയോ ചെറിയ പന്തം കത്തിച്ച് ഉള്ളിലേയ്ക്ക് വയ്ക്കുകയോ ചെയ്യും. ചേംബർ അടച്ച്, ഒരേസമയം എട്ട് കൊമേഴ്സ്യൽ ഗ്യാസ് സിലണ്ടറുകളിൽ നിന്ന് ഗ്യാസ് തുറന്ന് വിടുന്നു. ഒരു മൃതദേഹം ദഹിപ്പിക്കുന്നതിന് ഒരു ഗ്യാസ് സിലണ്ടർ വേണ്ടി വരും. 2000 ലിറ്റർ വെള്ളം ഉൾക്കൊള്ളുന്ന ടാങ്കിലേക്ക് മാലിന്യങ്ങൾ ലയിപ്പിച്ച് ഏഴര എച്ച്പിയുടെ ത്രീ ഫേസ് മോട്ടോർ ശക്തമായി പ്രവർത്തിപ്പിച്ചു അതിൽനിന്നും മാലിന്യ മുക്തമായ പുക വലിച്ചെടുത്തു 100 അടി ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്ന പുക കുഴലിലൂടെ പുറത്തേക്ക് വിടുന്നു. മൃതദേഹം ദഹിപ്പിക്കൽ കർമ്മങ്ങൾക്ക് നേതൃത്വം നല്കുന്ന ബാലകൃഷ്ണൻ പറഞ്ഞു.

## കൊറോണക്കാലത്തെ അധ്യയന വർഷം

**ചെറുപുഷ്പം പാറയ്ക്കൽ**

കോവിഡ് ആശങ്കകൾക്കിടയിലും സർക്കാർ നിർദേശപ്രകാരം വിദ്യാലയങ്ങൾ തുറക്കുന്നതിനുള്ള ഒരുക്കത്തിലാണ് അങ്ങാടിക്കടവ് പ്രദേശത്തെ സ്കൂളുകൾ. കൊറോണ പ്രതിസന്ധി കുറയാത്ത സാഹചര്യത്തിൽ കുട്ടികളെ സ്കൂളിലേക്കയക്കുന്നതിൽ മാതാപിതാക്കൾക്ക് ആശങ്കയുണ്ട്, എങ്കിലും ഓൺലൈൻ ക്ലാസ്സിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ചുള്ള സംശയങ്ങൾ കാരണം വിദ്യാർത്ഥികളെ ഓഫ്‌ലൈൻ ക്ലാസുകളിലേക്ക് അയക്കാൻ നിർബന്ധിതരായിരിക്കുകയാണ് രക്ഷിതാക്കൾ. പ്രദേശത്ത് സേക്രട്ട് ഹാർട്ട് ഹയർ സെക്കൻഡറി, സേക്രട്ട് ഹാർട്ട് യുപി സ്കൂൾ, ലിറ്റിൽ ബഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിലായി 1200 ൽ അധികം വരുന്ന വിദ്യാർത്ഥികളാണുള്ളത് .

അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ അധ്യയനവർഷാരംഭത്തോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തിയായി. പ്രദേശത്തെ കൊറോണ നിരക്ക് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. അതുകൊണ്ട് ആശങ്കപ്പെടാനുള്ള സാഹചര്യം നിലവിലില്ല. 'സ്കൂളിൽ 17 അധ്യാപകരാണുള്ളത്. പ്രത്യേക മാർഗരേഖ അധ്യാപകരുടെ കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിക്കാത്തതിനാൽ മുഴുവൻ അധ്യാപകരും എല്ലാദിവസവും ഹാജരാകണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്'.സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ പ്രിൻസിപ്പൽ ഫാ. കുര്യാക്കോസ് അറയ്ക്കൽ പറഞ്ഞു.

ലിറ്റിൽ ബഡ്സ് സ്കൂളിൽ സർക്കാരിന്റെ നിർദേശപ്രകാരമാണ് ക്ലാസുകൾ തീരുമാനിച്ചിരിക്കുന്നത്. ആഴ്ചയിൽ മൂന്നുദിവസം മാത്രം ഷിഫ്റ്റ് അനുസരിച്ച് ക്ലാസുകൾ ഉണ്ടാകും. ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളാണ് ഇവിടെ ഉള്ളത് അതു കൊണ്ടുതന്നെ പ്രോട്ടോകോൾ കാര്യക്ഷമമായ രീതിയിൽ നടപ്പിലാക്കികൊണ്ടാവും ഉച്ചവരെ ക്ലാസുകൾ നടത്തുക.

'വീട്ടിലിരുന്ന് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിലും നല്ലത് വിദ്യാലയങ്ങളിൽ പോയി പഠിക്കുന്നതാണ്. എന്നാലും കോവിഡ് തീർത്തും വിട്ടുമാറാത്ത ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളെ പ്രത്യേകിച്ച് ചെറിയ ക്ലാസുകളിലെ കുട്ടികളെ സ്കൂളിൽ അയക്കുന്നത് സുരക്ഷിതമാണെന്ന് തോന്നുന്നില്ല കുട്ടികൾ പ്രോട്ടോകോൾ പാലിച്ച് ക്ലാസുകളിൽ ഇരിക്കുമെന്ന് യാതൊരു ഉറപ്പുമില്ല'. ലിറ്റിൽ ബഡ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥിയുടെ മാതാവ് ബിന്ദു ഷാജി അഭിപ്രായപ്പെട്ടു.

'നീണ്ട ഇടവേളയ്ക്ക് ശേഷം സ്കൂളുകൾ തുറക്കുന്നത് സന്തോഷമുണ്ടാക്കുന്ന കാര്യമാണ്. എല്ലാവരെയും കാണുവാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ്'. ലിറ്റിൽ ബഡ്സ് സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനി ആൻഡ്രിയ ഓരത്തേൽ പറഞ്ഞു.

## അങ്ങാടിക്കടവിന്റെ സ്വന്തം തയ്യൽക്കാരൻ



ടോമി തന്റെ തയ്യൽക്കടയിൽ

**തൊവീത്തോപോജി**

പതിനാലാം വയസ്സിൽ തുടങ്ങി സ്നേഹം തുന്നിയ 44 വർഷങ്ങൾ. അമ്പത്തിയെട്ടാം വയസ്സിലേക്ക് എത്തുമ്പോഴും തയ്യലിനോടുള്ള സ്നേഹം വളരുന്നതേയുള്ളൂ ടോമിച്ചേട്ടൻ എന്നു വിളിക്കുന്ന ഡോമിനിക് എടപ്പാറക്കലിന്. അങ്ങാടിക്കടവിന്റെ പ്രിയപ്പെട്ട തയ്യൽകാരൻ.

മാറിമാറിവരുന്ന ട്രെൻഡുകൾ പോലും ടോമി ചേട്ടന്റെ വഴിയിൽ തടസ്സം സൃഷ്ടിച്ചിട്ടില്ല. പുതിയ കാര്യങ്ങൾ പഠിക്കാനുള്ള താൽപര്യവും അത് ചെയ്തു കൊടുക്കുവാനുള്ള മനസ്സുമുണ്ട്. അതുകൊണ്ട് ട്രെൻഡുകൾ പ്രശ്നമല്ല. ഇന്നും 14 വയസ്സിന്റെ ആ പഴയ ഊർജ്ജം അതാണ് ടോമിച്ചേട്ടന്റെ ജീവിതവിജയത്തിനു പിന്നിൽ.

'തയ്യലിനേക്കാൾ വരുമാനം മറ്റു പണികളിൽ നിന്നും ലഭിക്കും. ടൗണുകളിൽ ചിലപ്പോൾ ഇതിലും ലാഭം ഉണ്ടായിരിക്കും ഈ മലയോരമേഖലയിൽ ലാഭം കുറവാണ് പല പ്രയാസങ്ങളും ഉണ്ടാകുന്നുണ്ട്. എങ്കിലും തയ്യലിനോടുള്ള ഇഷ്ടം കുറഞ്ഞിട്ടില്ല'. ടോമിച്ചേട്ടൻ പറഞ്ഞു..

തയ്യൽ മേഖലയിലേക്കു കടന്നു വരുന്നവർ പ്രത്യേകിച്ച് ആണുങ്ങൾ വളരെ കുറവാണ്. കൂടാതെ മിക്ക ആളുകളും ഇപ്പോൾ റെഡിമെയ്ഡ് വസ്ത്രങ്ങളാണ് തിരഞ്ഞെടുക്കുന്നത്. അതുകൊണ്ടുതന്നെ തയ്യൽ മേഖലയുടെ നിറം മങ്ങി തുടങ്ങിയിരിക്കുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്നും ഒരു പതിനെട്ടുകാരന്റെ ഊർജ്ജവും ചുറുചുറുക്കുമുണ്ട് ടോമിച്ചേട്ടന്. തയ്യൽ മേഖലയിലെ 44 വർഷത്തെ അനുഭവങ്ങൾ പങ്കു വെക്കുമ്പോൾ ആ മുഖത്ത് സമ്മിശ്ര ഭാവങ്ങൾ മിന്നിമായുന്നുണ്ടായിരുന്നു.

'തയ്യൽ തൊഴിലിലേക്ക് വന്നതിൽ സന്തോഷമേയുള്ളൂ. ജീവിതത്തിൽ നഷ്ടങ്ങൾ ഒന്നുമുണ്ടായിട്ടില്ല. ഇനിയും അതിൽ തുടരണമെന്നാണ് ആഗ്രഹം. ഏതു തൊഴിൽ ചെയ്താലും അതിനെ നമ്മൾ സ്നേഹിക്കണം. പരമാവധി ആത്മാർത്ഥതയോടെ ആ തൊഴിൽ ചെയ്യണം. സത്യസന്ധതയും കൃത്യനിഷ്ഠയും കൃത്യനിർവഹണ ബോധവും ,മനസ്സിലും പ്രവർത്തിയിലും ഉണ്ടായിരിക്കുക'. ടോമിച്ചേട്ടൻ പറഞ്ഞു

## കുണ്ടൂർ തോട്ടിൽ മാലിന്യ കൂമ്പാരം

**അഭിരാം കെ**

കുടക് വനത്തിലെ മടത്തോട് നിന്നാരംഭിച്ച് വള്ളിത്തോട് പുഴയിൽ അവസാനിക്കുന്ന കുണ്ടൂർ തോട് മലിനമാകുന്നു. തോടിനോട് ചേർന്ന് താമസിക്കുന്ന പ്രദേശവാസികളും അതിഥി തൊഴിലാളികളും കുളിക്കാനും വസ്ത്രങ്ങൾ നനയ്ക്കാനും കുണ്ടൂർ തോടിനെയാണ് ആശ്രയിക്കുന്നത്. അങ്ങാടിക്കടവ് ടൗണിനടുത്തുള്ള ഈ തോടിലേക്കാണ് സാമൂഹ്യവിരുദ്ധർ മാലിന്യങ്ങൾ തള്ളുന്നത്.

പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ മാലിന്യങ്ങൾ റോഡിനരികിലുള്ള ഭാഗങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ശക്തമായി മഴപെയ്യുമ്പോൾ ഈ മാലിന്യങ്ങൾ തോടിലേക്ക് ഒലിച്ച് ഇറങ്ങുന്നു. പിന്നീട് അത് ഒഴുകി പല ഭാഗങ്ങളിലായി അടിഞ്ഞുകൂടുന്നു. പ്രദേശവാസികൾ കുളിക്കാനാശ്രയിക്കുന്ന ഇടങ്ങളാണ് ഇതിൽ പലതും. പല തവണയായി ഒഴുക്കിയ മാലിന്യങ്ങൾ ഇപ്പോഴും പല ഇടങ്ങളിൽ തങ്ങി നിൽക്കുന്നു. 'ഈ തോടിനോട് ചേർന്ന് താമസിക്കുന്ന പ്രദേശവാസികൾ പലരും കുളിക്കാനും നനയ്ക്കാനുമൊക്കെ ഇവിടെയാണ് വരാറുള്ളത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ തോടിന്റെ പലഭാഗങ്ങളിലായി തങ്ങി നിൽക്കുന്നത് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. കൂടാതെ ചില സമയങ്ങളിൽ മാലിന്യങ്ങളിൽ നിന്ന് രൂക്ഷ ഗന്ധവും ഉണ്ടാകാറുണ്ട്'. പ്രദേശവാസിയായ ആദർശ് ജോൺസൺ പറഞ്ഞു.

മാലിന്യങ്ങൾ നിക്ഷേപിക്കാൻ കൃത്യമായ സംവിധാനം ഉള്ളപ്പോഴും പുഴയിലേക്കും റോഡരികിലേക്കും വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾക്ക് യാതൊരു കുറവും സംഭവിച്ചിട്ടില്ല. മഴക്കാലം ശക്തമായതോടെ തോടുകളിൽ വെള്ളം നിറഞ്ഞ് ഒഴുകാൻ തുടങ്ങി. പല ആവശ്യങ്ങൾക്ക് ആയി തോടിനെ ആശ്രയിക്കുന്നവർക്ക് അടിഞ്ഞുകൂടിയ മാലിന്യങ്ങൾ വെല്ലുവിളിയായി മാറിയിരിക്കുകയാണ്. പുഴകളെ സംരക്ഷിക്കേണ്ടവർ തന്നെ അതിനെ കളങ്കപ്പെടുത്തുമ്പോൾ നശിക്കുന്നത് പ്രകൃതിയുടെ ഏറ്റവും വലിയ സ്രോതസ്സാണ്.



കുണ്ടൂർ തോടിന് സമീപം മാലിന്യങ്ങൾ നിക്ഷേപിച്ച നിലയിൽ




For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: ക്രിസ്റ്റീൻ ലൂയീസ് | സബ് എഡിറ്റേഴ്സ്: അദാസിയോ ജോവാക്കിം, അഭിരാം കെ., നീതു തങ്കച്ചൻ, ചെറുപുഷ്പം പാറയ്ക്കൽ, തൊവീത്തോ പോജി, ഡെൽന ഡേവിസ് | ഫോട്ടോഗ്രാഫർ: തൊവീത്തോ പോജി, ക്രിസ്റ്റീൻ ലൂയീസ് | ഡിസൈൻ: വിപിൻ വില്ല്യം |